സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങളും മരുന്നുകളും ഏർപ്പെടുത്തുക, ലഭിക്കുന്ന ഫണ്ടുകളും മറ്റ് വിഭവശേഷിയും കാര്യക്ഷമമായി ഉപയോഗിക്കുക, പോരായ്മകൾ പരമാവധി കുറയ്ക്കുക എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതി നടപ്പിൽവരുമ്പോൾ ആരോഗ്യ മേഖലയിൽ പ്രാവർത്തികമാക്കുക. മേൽപ്പറഞ്ഞ വയെല്ലാം തന്നെ ലോക ബാങ്കിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും.

(സി) പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകു.

(ഡി) പ്രോജക്ടിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

(ഇ) മേൽ വിഷയങ്ങൾ ലോകബാങ്കുമായി ചർച്ച ചെയ്തുകൊണ്ടിരി ക്കുകയാണ്.

സർക്കാർ ആശുപത്രികളുടെ വികസന പദ്ധതി

131 [132] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ വികസനത്തിനായി ഏതൊക്കെ പദ്ധതികളാണ് നിലവലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മേപ്പയൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ സി. എച്ച്. സി.-കളും പി. എച്ച്. സി.-കളും ഏതൊക്കെ പദ്ധതികളിലായി ആശുപത്രി വികസനത്തി നായി തെരഞ്ഞെടുത്തിട്ടുണ്ട് എന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെയും പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളുടെയും വികസനത്തിനായി നബാർഡ് വായ്പ ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആർ. സി. എച്ച്. പദ്ധതി പ്രകാരം നിർമ്മാണ നവീകരണ പരിപാടികൾ നടത്തിവരുന്നു. തെരഞ്ഞെടുത്ത 75 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും 13 ജില്ലാതല ആശുപത്രികളിലും, തെരഞ്ഞെടുത്ത പ്രാഥ മികാരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ആർ. സി. എച്ച്. പദ്ധതി പ്രകാരം നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ താലൂക്കാശുപത്രികൾ, ഗവൺമെന്റ് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 810.4

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ 'സെക്കൻഡറി ഹെൽത്ത് സിസ്റ്റം പ്രോജക്ട്' ലോക ബാങ്കിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളുടെ വികസനത്തിനായി 128 കോടി രൂപയുടെ ഒരു പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയും കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാകെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകൾ 'സെന്റർ ഓഫ് എക്സലൻസ്' ആക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കുറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആർ. സി. എച്ച്. പദ്ധതി പ്രകാരം വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ആയഞ്ചേരി, മണിയൂർ, ആവള, മേപ്പയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വേളം, നടുപ്പോയിൽ, ഉരാത്ത്, കുളപ്പിനാട് എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവയെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

എയിഡ്സ് രോഗ ചികിൽസയ്ക്കുള്ള സൗകര്യം

132 [133] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡ്സ് രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ എയിഡ്സ് രോഗ ചികിത്സക്കുള്ള സൗകര്യങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ

(ഡി) സംസ്ഥാനത്തെ എയിഡ്സ് രോഗികൾക്ക് സൗജന്യ ചികിൽസ ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സർക്കാർ ആശുപത്രികളിൽ എത്തുന്ന എല്ലാ രോഗികൾക്കും ചികിത്സ നല്കുന്നുണ്ട്. ഇതിനു വേണ്ടി ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും പരിശീലനം നല്കിയിട്ടുണ്ട്. കൂടാതെ എയിഡ്സ് രോഗികൾക്ക് ഉണ്ടാകുന്ന അനുബന്ധ രോഗങ്ങൾക്ക് വേണ്ട മരുന്നുകൾ നല്കുന്നുണ്ട്. ഇവർക്കുണ്ടാകാവുന്ന മുഖ്യ രോഗമായ ക്ഷയരോഗത്തിന് സൗജന്യമായി ചികിത്സ നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly